**കൊറോണ നിരീക്ഷണപ്രവർത്തനങ്ങള് ശക്തമായി തുടരുന്നു**

ആലപ്പുഴ: കൊറോണ ബാധിത രാജ്യങ്ങളിൽ നിന്നും എത്തുന്നവരുടെ നിരീക്ഷണം ശക്തമായി തുടരുന്നു. വിദേശത്തുനിന്ന് എത്തിയ ഏഴുപേരെ പേരെ ഇന്ന് നിരീക്ഷണത്തിൽ ആക്കിയതായി ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു. നിലവിൽ 16 പേർ വീടുകളിൽ നിരീക്ഷണത്തില് ഉണ്ട്. രണ്ടുസാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്.
കൊറോണ ബാധ സ്ഥിരീകരിച്ച രാജ്യങ്ങളിൽ നിന്നും നാട്ടില് എത്തുന്നവർ ചുമ, തൊണ്ടവേദന, പനി എന്നിവയുണ്ടെങ്കിൽ താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടണം.ആരോഗ്യ വകുപ്പിന്റെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുമായി സഹകരിക്കുകയും വേണം.ദിശ : 0471 - 2552056,കൺട്രോൾ റൂം നമ്പർ: 0477 - 2969090.

**പ്രീ- സ്കൂൾ കിറ്റ്: ദർഘാസ് ക്ഷണിച്ചു**

ആലപ്പുഴ: വനിതശിശുവികസന വകുപ്പിന്റെ കീഴിൽ അമ്പലപ്പുഴ ഐ.സി.ഡി.എസ് പ്രോജക്ടിലെ 136 അങ്കണവാടി കേന്ദ്രങ്ങളിൽ 2019 - 20 വർഷത്തെ പ്രീ- സ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് പുനർദർഘാസ് ക്ഷണിച്ചു. ദർഘാസ് മാർച്ച് ഒമ്പത് ഉച്ചയ്ക്ക് 12 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ശിശു വികസനപദ്ധതി ഓഫീസുമായി ബന്ധപ്പെടണം. വിശദവിവരത്തിന് ഫോൺ: 9495386469.

**പെരുമ്പളം സിഎച്ച്സി സബ്സെന്റർ കൂടുതൽ സൗകര്യങ്ങളോടെ പുതുക്കിപ്പണിയുന്നു**

ആലപ്പുഴ: പെരുമ്പളം ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥയിലുള്ള പഴയ സബ്സെന്റർ കൂടുതൽ സൗകര്യങ്ങളോടെ പുതുക്കിപ്പണിയുന്നു. പഞ്ചായത്ത് വികസന ഫണ്ടിൽ നിന്ന് അനുവദിച്ച ഏഴ് ലക്ഷം രൂപ ചെലവിലാണ് പഴയ കെട്ടിടം കൂടുതൽ സൗകര്യങ്ങളോടെ പുനര് നിർമിക്കുന്നത്. പന്ത്രണ്ടായിരത്തിലധികം ജനങ്ങൾ പാർക്കുന്ന പെരുമ്പളം പഞ്ചായത്തിലെ പതിമൂന്നാം വാർഡിലാണ് സിഎച്ച്സി സ്ഥിതി ചെയ്യുന്നത്. പരിമിതമായ സൗകര്യം മാത്രമുള്ള കെട്ടിടം.ചുറ്റുമതിൽ ഇല്ലാത്തതിനാൽ സാമൂഹ്യവിരുദ്ധരുടെയും ജന്തുക്കളുടെയും വിഹാരകേന്ദ്രമായി മാറിയ നിലയിലാണ്. ഈ സാഹചര്യത്തിലാണ് പഞ്ചായത്ത് മുൻകൈയെടുത്ത് കെട്ടിടം പുനർനിർമിക്കാൻ നടപടികൾ

ആരംഭിച്ചത്. കെട്ടിടത്തിലെ ശോചനീയാവസ്ഥയിലുള്ള ശുചിമുറികൾ കൂടുതൽ സൗകര്യത്തോടെ പുതുക്കി പണിയും. മുറ്റത്തും കെട്ടിടത്തിന് മുകൾ ഭാഗത്തും ട്രസ് വർക്ക് ചെയ്യും. തറയിൽ ടൈല് വിരിക്കും. ചുറ്റുമതിൽ, വിശ്രമമുറി, ഓഫീസ് മുറി എന്നിവയും ഒരുക്കുന്നുണ്ട്. കെട്ടിടത്തിന്റെ നിർമാണം 75ശതമാനത്തിലധികം പൂർത്തിയായി. ചെറിയൊരു കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പഴയ സബ്സെന്ററിലെ അസൗകര്യങ്ങൾ കണക്കിലെടുത്ത് ആവശ്യമായ സൗകര്യങ്ങളെല്ലാം പുതിയ കെട്ടിടത്തിൽ ഉറപ്പു വരുത്തുമെന്ന് പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംങ് കമ്മറ്റി ചെയർമാന് പി.ഡി സജീവ് പറഞ്ഞു. നിലവിൽ ആഴ്ചയിലൊരിക്കലാണ് സബ്സെന്ററിൽ ഡോക്ടറിന്റെ സേവനമുള്ളത്. ഒരു ഡോക്ടറിന് പുറമെ രോഗികളെ പരിചരിക്കുന്നതിനു ഒരു നഴ്സുമാണ് ഇവിടെയുള്ളത്. പുതിയ കെട്ടിടം വരുന്നതോടെ സബ്സെന്ററിൽ കൂടുതല് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാനാകും. ആകെ പതിമൂന് വാർഡുകളുള്ള പഞ്ചായത്തിന്റെ വടക്കേ കരയിലായാണ് നിലവിലെ സി.എച്ച്.സി സ്ഥിതി ചെയ്യുന്നത്. തെക്കേ കരയിൽ പുതുക്കി പണിയുന്ന സബ്സെന്ററ് കെട്ടിടം കൂടുതൽ സൗകര്യങ്ങളോടെ പ്രവർത്തനക്ഷമമാകുമ്പോള് സിഎച്ച്സിയിലെ തിരക്കിനും ജനങ്ങളുടെ ബുദ്ധിമുട്ടിനും വലിയതോതിൽ പരിഹാരമാകും.

**ജില്ലാതല കുടുംബശ്രീ ഷീ ടോക്ക് അഞ്ചിന്**

ആലപ്പുഴ: കുടുംബശ്രീ സംരംഭങ്ങളുടെ വിജയകഥകൾ വിവരിക്കുന്ന ഷീ ടോക്ക് ജില്ലാതല പരിപാടി മാർച്ച് അഞ്ചിന് രാവിലെ 10 മുതൽ അമ്പലപ്പുഴ ടൗണ് ഹാളിൽ നടക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി വേണുഗോപാൽ ഉദ്ഘാടനം ചെയ്യും. അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത് പ്രസിഡന്റ് ജി വേണുലാൽ അധ്യക്ഷത വഹിക്കും. കുടുംബശ്രീ ഉത്പന്നങ്ങൾക്ക് പ്രാദേശികമായി സ്ഥിരം വിപണി കണ്ടെത്തുന്നതിനും കൂടുതല് ഉപയോക്താക്കളിലേക്ക് എത്തിക്കുന്നതിനും സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന 'വീട്ടിൽ ഒരു കുടുംബശ്രീ ഉത്പന്നം' ജനകീയ കാമ്പയിന്റെ ഭാഗമായി അയൽക്കൂട്ട തലങ്ങളില് നിന്നും തിരഞ്ഞെടുത്ത സംരംഭകരുടെ ഉത്പന്നങ്ങൾ വാർഡ് അടിസ്ഥാനത്തില് ശേഖരിച്ച് ജനപ്രതിനിധികളും കുടുംബശ്രീ അംഗങ്ങളും ഉൾപ്പെടുന്ന പ്രത്യേക സ്കാഡ് മാർച്ച് 15 നു രാവിലെ മുതൽ ഭവന സന്ദർശനം നടത്തി വിപണനം ചെയ്യും. കാമ്പയിനിലൂടെ രണ്ട് കോടി രൂപയുടെ ഉത്പന്നങ്ങളുടെ വിപണനമാണ് ലക്ഷ്യമിടുന്നത്.

കുടുംബശ്രീ ഉത്പന്നങ്ങളുടെ ഗുണമേന്മയും തനിമയും കൂടുതല് ആളുകളിലേക്ക് എത്തിക്കുന്നതിനും നാനോ മാർക്കറ്റ് എന്ന സ്ഥിരം വിപണന സംവിധാനം എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലും ആരംഭിക്കുന്നതും ലക്ഷ്യമിട്ടാണീ ക്യാമ്പയിൻ. ഇതോടനുബന്ധിച്ചാണ് മികച്ച സംരംഭങ്ങളുടെ വിജയകഥകൾ വിവരിക്കുന്ന ഷീ ടോക്ക് പരിപാടികൾ ജില്ല- പ്രാദേശിക തലത്തില് നടത്തുന്നത്.

**നോർക്ക റൂട്ട്സ് മുഖേന സൗദിയിൽ നഴ്സുമാർക്ക് അവസരം**

ആലപ്പുഴ: സൗദി അറേബ്യയിലെ ആരോഗ്യമന്ത്രാലയത്തിനു (എം ഒ എച്ച്) കീഴിലുള്ള ആശുപത്രിയിലേക്ക് വനിത നഴ്സുമാരെ നോർക്ക റൂട്ട്സ് മുഖേന തെരഞ്ഞെടുക്കും. ബി.എസ്.സി., എം.എസ്.സി., പി. എച്ച്.ഡി.യോഗ്യതയുള്ളവർക്കാണ് അവസരം. കാർഡിയാക് ക്രിട്ടിക്കൽ കെയർ യൂണിറ്റ്, ക്രിട്ടിക്കൽ കെയർ യൂണിറ്റ്, (മുതിർന്നവർ, കുട്ടികൾ, നിയോനാറ്റൽ), എമർജൻസി, ജനറൽ നഴ്സ്, പീഡിയാട്രിക് എന്നീ വിഭാഗങ്ങളിലാണ് ഒഴിവ്. സൗദി ആരോഗ്യമന്ത്രാലയത്തിന്റെ പട്ടിക പ്രകാരം 2020 മാർച്ച് 16 മുതൽ 20 വരെ ബെംഗളൂരുവിൽ അഭിമുഖം നടക്കും. താൽപര്യമുള്ളവർ www.norkaroots.org മുഖേന അപേക്ഷസമർപ്പിക്കണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അവസാന തീയതി 2020 മാർച്ച് 12. കൂടുതൽ വിവരങ്ങൾ 18004253939 (ഇന്ത്യയിൽ നിന്നും),00918802012345 (വിദേശത്തു നിന്നും മിസ്ഡ് കോൾ സേവനം) ടോൾ ഫ്രീ നമ്പറുകളിൽ ലഭിക്കും.